LIBRARY ARCHIVES Kerala Legislative Assembly

## മലപ്പുറം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുള്ളവർ

28 [5171] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ ഈ തസ്തികയിൽ ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 974 (തൊള്ളായിരത്തി എഴുപത്തിനാല്) പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 200 (ഇരുന്നൂറ്) ഒഴിവുകളുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി

29 [5172] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ എന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

## നിർമ്മൽ ബോസിന് അഡ്വൈസ് മെമ്മോ അയയ്ക്കാത്തതിന്റെ കാരണം

30 [5173] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ നിർമ്മൽ ബോസ് എന്ന എസ്. ടി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയെ എസ്. ഐ. റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;